**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **12-09-2023 - ൽ മറുപടിയ്ക്ക്**

**എം.പി.ഐ.യിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) എന്ന പൊതുമേഖലാ സ്ഥാപനത്തിലെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ സ്ഥാപിതമായ 1973 മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത് സ്ഥാപനത്തിലെ പ്രധാന പ്രതിസന്ധി പ്രവർത്തനമൂലധനത്തിന്റെ കുറവുമൂലം സ്ഥാപിച്ച പ്ലാന്റുകളുടെ ഉത്പാദനശേഷി പരമാവധി ഉപയോഗിക്കാൻ കഴിയാത്തതിനാൽ ഉൽപാദനവും വിപണനവും കുറഞ്ഞു. കോവിഡ് മഹാമാരി, ആഫ്രിക്കൻ പന്നിപ്പനി ഇവയും കാരണങ്ങളാണ്. പ്രധാനമായും ശീതീകരിച്ച ഇറച്ചി ഉൽപ്പന്നങ്ങളാണ് എം.പി.ഐ ഉൽപ്പന്നങ്ങൾ. ജനങ്ങൾ കൂടുതലായി ഇഷ്ടപ്പെടുന്നത് ഫ്രഷ് ഇറച്ചിയാണ്. എങ്കിലും എം.പി.ഐ ബ്രാന്റ് സംസ്കരിച്ച ഇറച്ചി ജനങ്ങൾക്കിടയിൽ പ്രിയം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കമ്പനിയുടെ നിലവിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത സ്ഥാപനത്തെ പ്രതിസന്ധിയിലാക്കിയ കാര്യത്തിൽ മാനേജിംഗ് ഡയറക്ടറുടെ നടപടികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധിയിലാക്കിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (ബി) | **സ്ഥാപനത്തെ പ്രതിസന്ധിയിലാക്കിയ കാര്യത്തിൽ മുൻ മാനേജിങ് ഡയറക്ടറുടെ നടപടികൾ സർക്കാർ പരിശോധിക്കുകയും കമ്പനിയുടെ പ്രതിസന്ധി ഒഴിവാക്കുന്നതിന് യഥാസമയം ഉചിതമായി അദ്ദേഹം പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ അദ്ദേഹത്തെ മാറ്റി പുതിയ മാനേജിങ് ഡയറക്ടറെ സർക്കാർ നിയമിക്കുകയും ടിയാൻ 07.08.2023 മുതൽ ചാർജെടുക്കുകയും ചെയ്തിട്ടുണ്ട്.** |
| (സി) | സ്ഥാപനത്തിലെ കെടുകാര്യസ്ഥത അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | **സ്ഥാപനത്തിൽ കെടുകാര്യസ്ഥത ഉണ്ടെന്ന നിഗമനം ശരിയല്ല.** |
| (ഡി) | പ്രതിസന്ധിയിലായ പ്രസ്തുത സ്ഥാപനത്തെ പുരോഗതിയിലേക്ക് നയിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി തൊഴിലാളി | (ഡി) | **എം.പി.ഐ.യുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി കമ്പനിയെ പുരോഗതിയിലേക്ക് നയിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.** |

| | | | |
|---|---|---|---|
| | സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | **1. ബൈബാക്ക് സമ്പ്രദായത്തിൽ പോത്തിൻകുട്ടി/ ആട് എന്നിവയെ 2023-24-ൽ 500 കർഷകർക്ക് വളർത്താൻ കൊടുക്കും. ഇതിനായി ബഡ്ജറ്റിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള അപേക്ഷകൾ ക്ഷണിച്ച് നടപടി സ്വീകരിച്ചുവരുന്നു.**<br><br>**2. എം.പി.ഐ.യുടെ 1000 സെയിൽസ് ഔട്ട് ലെറ്റുകൾ സംരംഭകസഹായപദ്ധതിയുടെ ഭാഗമായി 2023-24-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 2023-24 സാമ്പത്തികവർഷം ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഓരോ സംരംഭകർക്കും ഫ്രീസർ സംവിധാനം സൗജന്യമായി നൽകും. ഈ സ്കീം നടപ്പിലാക്കാൻ അപേക്ഷകൾ ക്ഷണിച്ച് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.**<br><br>**3. എം.പി.ഐ യ്ക്ക് ചാലക്കുടിയിൽ സ്വന്തമായുള്ള 16 ഏക്കർ സ്ഥലത്ത് ഒരു കാള/പോത്ത് കിടാരി വളർത്തൽ കേന്ദ്രം സ്ഥാപിക്കാൻ 23 കോടിരൂപ ചിലവുള്ളതും ഒരു ബാച്ചിൽ 10,000 കിടാരികളെ വളർത്തിയെടുക്കുവാനുമുള്ള പദ്ധതിക്ക് 2023-24 സാമ്പത്തികവർഷം ആദ്യഗഡുവായി 3 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇത് നബാർഡിന്റെ ആർ.ഐ.ഡി.എഫ് അധിഷ്ഠിത പദ്ധതി ആയതിനാൽ നബാർഡിലേക്ക് ശുപാർശ ചെയ്യാനുള്ള നടപടി പരിശോധിച്ചു വരുന്നു.**<br><br>**4. ഓമനമൃഗ ഭക്ഷ്യോപ്പൽന്ന സംസ്കരണ ഫാക്ടറികൾ**<br><br>**കൊല്ലം ജില്ലയിൽ പുനലൂരിലും കാസർഗോഡ് ജില്ലയിൽ മടിക്കൈയിലും ഓരോ ഓമനമൃഗ ഭക്ഷ്യോത്പന്ന സംസ്കരണ ഫാക്ടറികൾ സ്ഥാപിക്കാൻ 2023-24 ബഡ്ജറ്റിൽ ആദ്യഗഡുവായി 4 കോടിരൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ രണ്ടു ഫാക്ടറികൾക്ക് കൂടി ആകെ ചിലവ് 25 കോടി രൂപയാണ് ഈ പദ്ധതികളും നബാർഡ് അധിഷ്ഠിതമായതിനാൽ നബാർഡിന് ശുപാർശ ചെയ്യാനുള്ള നടപടികൾ പരിശോധിച്ച് വരുന്നു.**<br><br>**5. ഇറച്ചിയും ഇറച്ചിഉൽപന്നങ്ങളും റീജിയൻ അടിസ്ഥാനത്തിൽ സ്റ്റോക്ക് ചെയ്ത് വിപണനം നടത്താൻ കോൾഡ് സ്റ്റോറേജ് ഹബ് തുടങ്ങാനായി 2023-24 ബഡ്ജറ്റിൽ 2 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. ആദ്യപടിയായി ചാലക്കുടിയിലും ഇടയാറിലും ഇവ സ്ഥാപിക്കാനുള്ള നടപടികൾ സ്വികരിച്ചു വരുന്നു. കൂടാതെ നബാർഡ് അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കാനുള്ള ഒരു ടെക്നിക്കൽ** |

| | | | |
|---|---|---|---|
| | | | **കമ്മിറ്റി സർക്കാർ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.**<br><br>**6. കേരളചിക്കൻ പദ്ധതി**<br><br>**കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി എം.പി.ഐ. ആസ്ഥാനത്ത് 527 ലക്ഷം രൂപ ചിലവിൽ ഒരു ചിക്കൻ പ്രോസ്സസ്സിങ്ങ് പ്ളാന്റും 415 ലക്ഷംരൂപ ചിലവിൽ ഒരു ഡ്രൈ റെന്ററിങ് പ്ളാന്റ് (കോഴിമാലിന്യ സംസ്കരണം) സ്ഥാപിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രസ്തുത വികസന പ്രവർത്തനങ്ങൾക്ക് തൊഴിലാളി സംഘടനകളുടെ പങ്കാളിത്തവും കമ്പനി തേടുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ